# "ഭയപ്പെടേണ്ടാ. ഇതാ, സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു"

(ലൂക്കാ. 2,10).

## വിചിന്തനം:

നാം അനുഗൃഹീതമായ ക്രിസ്തുമസ് കാലയളവിലേക്കു പ്രവേശിക്കുകയാണ്. ആദ്യ ക്രിസ്തുമസ് ദിനത്തിൽ പാവപ്പെട്ട ആട്ടിടയരോടു മാലാഖ പറഞ്ഞത് ഇന്നും സത്യമാണ്: "ഭയപ്പെടേണ്ടാ! സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു ഇന്നു ജനിച്ചിരിക്കുന്നു.''(ലൂക്കാ. 2,10-11)

വിശുദ്ധ ലൂക്കായുടെ സുവിശേഷമനുസരിച്ച് സദ്വാർത്തയുടെ കാലഘട്ടം ആരംഭിക്കുന്നത് സ്നാപകയോഹന്നാന്റെ പിതാവായ സഖറിയായ്ക്കും യേശുവിന്റെ അമ്മയായ മറിയത്തിനും ഗബ്രിയേൽ മാലാഖ പ്രത്യക്ഷപ്പെട്ടതുമുതലാണ്. ദൂതനെക്കണ്ട് സക്കറിയ ഭയപ്പെട്ടു. ദൂതനെ ശ്രവിച്ച മറിയം അസ്വസ്ഥയായി. ദൂതൻ രണ്ടുപേരോടും വ്യക്തമായി പറഞ്ഞു: 'ഭയപ്പെടേണ്ടാ' (ലൂക്കാ 11:12-29) ഇടയന്മാർക്ക് ഉറപ്പുനൽകാൻ മാലാഖ ഉപയോഗിച്ചതും ഇതേ വാക്കാണ് 'ഭയപ്പെടേണ്ടാ'. (ലൂക്കാ 2,10) ക്രിസ്തുമസ് എന്ന തിരുരഹസ്യത്തിന്റെ മാന്ത്രികച്ചെപ്പു തുറക്കാനുള്ള പാസ്‌വേർഡ് ആണ്, "ഭയപ്പെടേണ്ടാ.''

നാമിന്നു ജീവിക്കുന്നത് സുഖസൗകര്യങ്ങളുടെ ലോകത്തിലാണ്. എങ്കിലും നാമിപ്പോഴും തികച്ചും അസ്വസ്ഥരും ഭയചകിതരുമാണ്. ഉത്കണ്ഠകളും ഭയവും ദുരിതവും നമ്മെ അസ്വസ്ഥരാക്കുന്നു. ആധുനികലോകം നൽകുന്ന ആഡംബരങ്ങളുടെയും സൗകര്യങ്ങളുടെയും നടുവിലും പൊതുവെ ജനങ്ങൾ അസംതൃപ്തരും വിഷാദചിത്തരും അസന്തുഷ്ടരുമാണ്.

### നാം എന്തുകൊണ്ടാണ് ഭയപ്പെടുന്നത്?

ബൈബിൾചരിത്രത്തിൽ 'ഭയം' എന്ന പരാമർശം ആദ്യമായി കാണുന്നത് ഉത്പത്തി പുസ്തകത്തിലാണ്. പാപംചെയ്ത ആദിമാതാപിതാക്കൾ മരങ്ങൾക്കിടയിലൊളിച്ചു. പക്ഷേ, ദൈവം ആദത്തെ വിളിച്ചു. "നീ എവിടെയാണ്?'' ആദം മറുപടി പറഞ്ഞു: "തോട്ടത്തിൽ അവിടത്തെ ശബ്ദം ഞാൻ കേട്ടു. ഞാൻ നഗ്നനായതുകൊണ്ട് ഭയന്ന് ഒളിച്ചതാണ്'' (ഉൽ. 3,10)

പാപം മനുഷ്യനെ ദൈവത്തിൽനിന്ന് അകറ്റുന്നു. മനുഷ്യൻ നേരിടുന്ന ഉത്കണ്ഠയും അസന്തുഷ്ടിയും ദൈവത്തിൽ നിന്ന് അകന്നുകഴിയുന്നതിന്റെ ഫലമാണ്. 'ദൈവത്തിൽനിന്ന് അകലെയായിരിക്കുന്നതും ദൈവമൊഴികെ സകലതും ഉണ്ടായിരിക്കുന്നതുമാണ്' പാപമെന്ന് അസീസിയിലെ വിശുദ്ധ ഫ്രാൻസിസ് നിർവചിക്കുന്നു. ഇംഗ്ലീഷിൽ SIN എന്നെഴുതുമ്പോൾ മധ്യത്തിലെ അക്ഷരമായ I യുടെ നിലപാടാണിത്. സ്വയം കേന്ദ്രീകൃതമായ ദൈവം കേന്ദ്രത്തിലില്ലാത്ത ജീവിതം.

ആദം തന്റെ നഗ്നത ഇലകൾകൊണ്ടു മറച്ചതുപോലെ, ആധുനിക മനുഷ്യനും ദൈവസാന്നിധ്യത്തിൽനിന്നു തന്നെത്തന്നെ ട്ടഒളിപ്പിച്ചു' വയ്ക്കാൻ ഒരു കൃത്രിമ പരിസരം സൃഷ്ടിക്കുന്നു. ആധുനിക മനുഷ്യന്റെ ജഡികസുഖങ്ങളും ലൗകിക ആഡംബരങ്ങളും, ഹൃദയത്തിന്റെ ശൂന്യതയും പാപപൂർണമായ നഗ്നതയും മൂടിവയ്ക്കാൻ അവൻ ഉപയോഗിക്കുന്ന പുറംകുപ്പായമാണ്. 'നഗ്നനാകാൻ'വേണ്ടി ശാരീരികാഭിലാഷങ്ങളും ലൗകിക ആഡംബരങ്ങളും ഉരിഞ്ഞുമാറ്റിക്കൊണ്ടാണ് അസീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ മാനസാന്തരം ആരംഭിച്ചത്.

നാമോരോരുത്തരോടും കൂടിയായിരിക്കാൻ ക്രിസ്തുമസിൽ ദൈവം താഴേക്കിറങ്ങിവരുന്നു- ക്രിസ്തുവിന്റെ പ്രബോധനം സ്വയംശൂന്യവത്കരണം-കെനോസിസ്-ആണ്. ക്രിസ്തുമസിൽ എത്തിച്ചേരാനുള്ള മാർഗ്ഗം,'അഹം' ഉരിഞ്ഞുമാറ്റുകയും ക്രിസ്തുവിന്റെ മനോഭാവത്തിലേക്ക് സ്വയം പക്വതയാർജിക്കുകയുമാണ് എന്നാണ് വിശുദ്ധ പൗലോസ് വ്യക്തമാക്കുന്നത്.

ഈ ആദ്ധ്യാത്മികതയിലാണ് വിശുദ്ധ ഫ്രാൻസിസ് അസീസി ഇറ്റലിയിലെ ഗ്രെഷിയോവിൽ ആദ്യത്തെ ക്രിസ്മസ് പുൽക്കൂട് രൂപകല്പന ചെയ്തത്. പുൽക്കൂട് ഒരുക്കം 25 നാൾ നീണ്ടുനിന്നു. പുൽക്കൂട് പണിയുവാൻ താൻ അനുഭവിച്ച ഓരോ നൊമ്പരവും തന്റെ അഹം ശൂന്യവത്കരിക്കുന്നതിന്റെ അടയാളവും കർത്താവിന്റെ വരവിനായി യോഗ്യമായ ഹൃദയത്തെ ഒരുക്കലുമായിരുന്നു.

ക്രിസ്തുമസ് ബാഹ്യമായ ഒരാഘോഷമല്ല. പ്രത്യുത,അലക്സാണ്ട്രിയായിലെ വിശുദ്ധ ക്ലെമന്റ് പറയുന്നതുപോലെ, 'ക്രിസ്തുവല്കരണത്തിന്റെയും ക്രിസ്റ്റഫർ ആകലിന്റെയും തിരുനാളാണ്. അതായത്, 'ക്രിസ്തുവിനു സദൃശമാകുകയും പരിശുദ്ധ മറിയം യേശുവിനെ സംവഹിച്ചതുപോലെ ക്രിസ്തുവിനെ ജീവിതത്തിന്റെ എല്ലാ തുറകളിലും കൊണ്ടുപോകുകയുമാണ്.

'ഭയപ്പെടേണ്ടാ'എന്ന് മാലാഖമാർ നമ്മുടെ ഹൃദയത്തിൽ മന്ത്രിക്കുമ്പോൾ, ജഡികതയുടെയും ലൗകീകതയുടെയും ഉടയാടകൾ ഉരിഞ്ഞുകളയുവാനുള്ള നമ്മുടെ ഭയത്തെ സധൈര്യം നമുക്ക് നേരിടാം. അവിടത്തെ മൃദുവും പരിശുദ്ധവുമായ നോട്ടം നമ്മുടെ അഹത്തെ ഉരുക്കിക്കളയട്ടെ. അങ്ങിനെ നമ്മുടെ ഹൃദയത്തിൽ പിറക്കാൻ അവിടത്തേക്ക് ഇടം നല്കുന്നു. ക്രിസ്തു നമ്മുടെ ഹൃദയത്തിൽ ജനിക്കുമ്പോൾ സകല ജനങ്ങൾക്കും വലിയ സന്തോഷമേകുന്ന ക്രിസ്തുമസായി നാം മാറുന്നു.

നിങ്ങൾക്കേവർക്കും സന്തോഷപൂർണമായ ക്രിസ്തുമസും പുതുവത്സരവും നേരുന്നു.

മാർ റാഫേൽ തട്ടിൽ

എക്ലേസിയാസ്റ്റിക്കൽ അഡ്വൈസർ ജീസസ് യൂത്ത് ഇന്റർനാഷണൽ

## വിശുദ്ധന്റെ മൊഴി:

"സ്വാർത്ഥതയ്ക്ക് ഇടമില്ല-ഭയത്തിന് ഇടമില്ല. സ്നേഹം ആവശ്യപ്പെടുമ്പോൾ ഭയപ്പെടേണ്ട; സ്നേഹം ത്യാഗം ആവശ്യപ്പെടുമ്പോൾ ഭയപ്പെടേണ്ട"- വിശുദ്ധ ജോൺ പോൾ രണ്ടാമൻ



## സത്ക്രിയ:

ബെത്‌ലെഹെമിലെ സ്നേഹം ധ്യാനിക്കുമ്പോൾ ഉദിച്ചുയരുന്ന വിശ്വാസംകൊണ്ട് നമ്മുടെ ഹൃദയത്തിൽ ഉയരുന്ന എല്ലാ ഭയങ്ങളോടും സൗമ്യമായും അചഞ്ചലമായും സംവദിക്കാനാവുമോ? ഏതെങ്കിലും തരത്തിലുള്ള ഭയത്തിനടിമപ്പെട്ട ചിലരോടെങ്കിലും യേശുവിന്റെ സദ്വാർത്ത അറിയിക്കാൻ ശ്രമിക്കുക.